**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5906**

**30.07.2015 - ൽ മറുപടിക്ക്**

**കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

ചോദ്യം
ശ്രീ. ഇ. ചന്ദ്രശേഖരൻ

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാം ; വെളിപ്പെടുത്തുമോ ; | (എ) : (ബി) : (സി) : ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓരോ പ്രവൃത്തികളുടെയും ലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ; | |
| (സി) ഒരോന്നിന്റെയും അടങ്കൽ തുക, പ്രവർത്തന രീതി എന്നിവ വിശദീകരിക്കാമോ ? | |

സെക്ഷൻ ഓഫീസർ.

അനുബന്ധം

**ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | പദ്ധതി/പ്രവൃത്തി | അടങ്കൽ തുക (രൂപ) | പ്രവർത്തന രീതി | ലക്ഷ്യം |
|---|---|---|---|---|
| 1 | കശുവണ്ടി സംസ്കരണം | 11,40,000/- | കെട്ടിടവും സ്ഥലവും ഒഴിവാക്കിയാണ് അടങ്കൽ തുക വകയിരുത്തിയിരിക്കുന്നത് കുടുംബശ്രീ യൂണിറ്റ് വഴി പ്രവർത്തിക്കുന്നു | പരമ്പരാഗത വ്യവസായ മേഖലയുടെ വളർച്ചയും ഉന്നമനവും ലക്ഷ്യമാക്കുന്നു, 20 പേർക്ക് വീതം പ്രത്യക്ഷമായും പരോക്ഷമായും ജോലി നൽകുന്നു. |
| 2 | നാളികേര വൈവിധ്യവത്കരണം | 36,97,000/- | വിവിധ സ്ഥലങ്ങളിലെ കുടുംബശ്രീ യൂണിറ്റുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം. | കൊപ്ര ഡ്രയർ, ഓയിൽ മിൽ, വിനാഗിരി യൂണിറ്റ് തുടങ്ങിയവ ആരംഭിച്ച് നൂറോളം കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭ്യമാക്കുക. |
| 3 | കമ്പ്യൂട്ടർ അസംബ്ളിങ് പരിശീലനം | 17,400/- | പരിശീലന പരിപാടി | അഭ്യസ്ത വിദ്യരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഈ മേഖലയിൽ പരിശീലനം നൽകൽ. ഇതുവരെ 6 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. |
| 4 | ബ്യൂട്ടീഷൻ-എംബ്രോയിഡറി പരിശീലനം | 67,400/- | പരിശീലന പരിപാടി | അഭ്യസ്ത വിദ്യരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഈ മേഖലയിൽ പരിശീലനം നൽകൽ. ഇതുവരെ 4 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. |